## <u>കാറ്റഗറി നമ്പർ :515/2022</u>

<u>(By-transfer Recruitment from Forest Officials)</u>

താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വനം വകുപ്പിലെ വൈൽഡ് ലൈഫ് അസിസ്റ്റന്റ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നീ ഉദ്യോഗസ്ഥരിൽ നിന്നും ഓൺ ലൈനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്.

1. **വകുപ്പ്** : കേരള വനം വന്യജീവി വകുപ്പ്

2. **ഉദ്യോഗപ്പേര്** : റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

3. **ശമ്പളം** : ₹ 55200-115300/-

4. **ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:** മേൽപ്പറഞ്ഞ ഒഴിവുകൾ ഭാരത സർക്കാർ, ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് മിനിസ്ട്രി, ഫോറസ്ട്രി എഡ്യൂക്കേഷൻ ഡയറക്ടറുടെ സീറ്റ് അലോട്ട്മെന്റിന്റെ തീരുമാനത്തിനനുസരിച്ചും, കൂടുതൽ ഒഴിവ് വരുന്നതിൻ പ്രകാരവും മാറാവുന്നതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ട്രെയിനിംഗ് തുടങ്ങി (ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ കോഴ്സ്) ഒരുമാസം അല്ലെങ്കിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് മൂന്ന് മാസം ഏതാണോ അവസാനം, അന്ന് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

5. **നിയമനരീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം
(കേരള വനം വന്യജീവി വകുപ്പിലെ വൈൽഡ് ലൈഫ് അസിസ്റ്റന്റ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരിൽ നിന്നും)

**കുറിപ്പ്:** തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്ത പക്ഷം മേപ്പടി ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേനയും നികത്തുന്നതാണ്.

6. **പ്രായപരിധി** : 01.01.2022-ൽ 40 (നാല്പത്) വയസ് തികയാൻ പാടില്ല.
ഉദ്യോഗാർത്ഥികൾ 02.01.1982-നോ അതിന് ശേഷമോ ജനിച്ചവരായിരിക്കണം. പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗം എന്നീ ഉദ്യോഗാർത്ഥികൾക്ക് നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

[വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട്-II പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക]

7. **യോഗ്യതകൾ**

I) **വിദ്യാഭ്യാസ യോഗ്യത:-**

A) ഭാരത സർക്കാരിന്റേയോ, കേരള സർക്കാരിന്റേയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റി/ സ്ഥാപനം/ കൽപ്പിത സർവ്വകലാശാല എന്നിവയിൽ നിന്നും സയൻസിലോ എഞ്ചിനീയറിംഗിലോ താഴെപ്പറയുന്ന ഏതെങ്കിലും വിഷയത്തിൽ ലഭിച്ചിട്ടുള്ള ബിരുദം.
**സയൻസ്:** അഗ്രികൾച്ചർ, ബോട്ടണി, കെമിസ്ട്രി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ കമ്പ്യൂട്ടർ സയൻസ്, എൻവയോൺമെന്റൽ സയൻസ്, ഫോറസ്ട്രി, ജിയോളജി, ഹോർട്ടിക്കൾച്ചർ, മാത്തമാറ്റിക്സ്, ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, വെറ്ററിനറി സയൻസ്, സുവോളജി.
**എഞ്ചിനീയറിംഗ്:** അഗ്രികൾച്ചറൽ/ കെമിക്കൽ/ സിവിൽ/ കമ്പ്യൂട്ടർ/ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ്/ മെക്കാനിക്കൽ.

**B)** കേരള വനം വന്യജീവി വകുപ്പിൽ 5 (അഞ്ച്) വർഷത്തെ സർവ്വീസുള്ള വൈൽഡ് ലൈഫ് അസിസ്റ്റന്റ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നീ തസ്തികകകളിലെ അപ്രൂവ്ഡ് പ്രൊബേഷണർ ആയിരിക്കണം.

**കുറിപ്പ്:** (a) KS&SSR Part-II Rule 10 (a) (ii) ബാധകമാണ്.

(b) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**II) ശാരീരിക യോഗ്യതകൾ:-**

**A)** ചുവടെ ചേർക്കുന്ന കുറഞ്ഞ ശാരീരിക യോഗ്യതകൾ കൂടി ഉണ്ടായിരിക്കണം.:-

| | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|
| (i) | ഉയരം - 163 സെ.മി | ഉയരം - 150 സെ.മി |
| (ii) | നെഞ്ചളവ് - 79 സെ.മി (സാധാരണ) | |
| | നെഞ്ചളവ് (വികാസം)- 5 സെ.മി | |

**കുറിപ്പ്:** പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഉയരം, നെഞ്ചളവ് എന്നിവിൽ യഥാക്രമം 5 സെ.മി, 2.5 സെ.മി എന്നിങ്ങനെ ഇളവ് ലഭിക്കുന്നതാണ്. എന്നാൽ നെഞ്ചളവ് വികാസം ഏറ്റവും കുറഞ്ഞത് 5 സെ.മി എന്നത് അവർക്കും ബാധകമാണ്.

**B)** എല്ലാ പുരുഷ ഉദ്യോഗാർത്ഥികൾക്കും, സ്ത്രീ ഉദ്യോഗാർത്ഥികൾക്കും ചുവടെ ചേർക്കുന്ന മെഡിക്കൽ യോഗ്യത ഉണ്ടായിരിക്കണം.

(i) **ചെവി:-** നല്ല കേൾവി ശക്തി ഉണ്ടായിരിക്കണം

(ii) **കണ്ണ്:-** കണ്ണട ഇല്ലാതെ താഴെപ്പറയുന്ന വിധത്തിലുള്ള കാഴ്ച ശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | | |
|---|---|---|
| (a) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ |
| (b) | സമീപ കാഴ്ച | 0.5 സ്നെല്ലൻ |
| (c) | കളർ വിഷൻ | സാധാരണ |
| (d) | നിശാന്ധത | പാടില്ല |

(iii) **പേശികളും നാഡികളും:-**
തളർവാതം പാടില്ലാത്തതും എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നതുമായിരിക്കണം.

(iv) **നാഡീവ്യൂഹം:-**
പൂർണ്ണ ക്ഷമതയുള്ളതായിരിക്കണം. പകർച്ചവ്യാധികളിൽ നിന്നും വിമിക്തമായിരിക്കണം.

**കുറിപ്പ്:** ശാരീരിക അളവുകൾ മെഡിക്കൽ ടെസ്റ്റിനും വാക്കിംഗ് ടെസ്റ്റിനും മുമ്പായി എടുക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ നിശ്ചിത ശാരീരിക അളവുകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന് ശേഷം മാത്രം അപേക്ഷിക്കുന്നതാണ് അഭികാമ്യം.

**8.** ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന്റെ പ്രാഥമിക ഘട്ടമായി ഒരു സ്ക്രീനിംഗ് ടെസ്റ്റ് നടത്തുന്നതാണ്. തുടർന്ന് ശാരീരിക അളവെടുപ്പ്, വാക്കിംഗ് ടെസ്റ്റ്, എഴുത്ത് പരീക്ഷ, ഇന്റർവ്യൂ എന്നിവ കൂടി നടത്തി തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്നതാണ്.

**9. വാക്കിംഗ് ടെസ്റ്റ്:–**

പുരുഷ ഉദ്യോഗാർത്ഥികൾ നാല് മണിക്കൂറിനുള്ളിൽ 25 (ഇരുപത്തിയഞ്ച്) കിലോമീറ്റർ ദൂരം നടക്കണം. സ്ത്രീ ഉദ്യോഗാർത്ഥികൾ നാല് മണിക്കൂറിനുള്ളിൽ 16 (പതിനാറ്) കിലോമീറ്റർ ദൂരം നടക്കണം.ഈ പരീക്ഷ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്നതായിരിക്കും.

**10. മത്സര പരീക്ഷ:–**

വാക്കിംഗ് ടെസ്റ്റിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾ കമ്മീഷൻ ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ നടത്തുന്ന പരീക്ഷയ്ക്ക് വിധേയരാകേണ്ടതാണ്.

**നിർബന്ധിത വിഷയങ്ങൾ**

| | | |
|---|---|---|
| (a) | പൊതു വിജ്ഞാനം | 100 മാർക്ക് |
| (b) | ഇംഗ്ലീഷ് (ഉപന്യാസം, സംഗ്രഹിച്ചെഴുത്ത് തുടങ്ങിയവ) | 100 മാർക്ക് |

**ഐച്ഛിക വിഷയങ്ങൾ**

| | | |
|---|---|---|
| (c) | ചുവടെ ചേർക്കുന്ന ഏതെങ്കിലും രണ്ട് വിഷയങ്ങളിലുള്ള പരീക്ഷ | 200 മാർക്ക് വീതം |

**സയൻസ്:** അഗ്രികൾച്ചർ, ബോട്ടണി, കെമിസ്ട്രി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ കമ്പ്യൂട്ടർ സയൻസ്, എൻവയോൺമെന്റൽ സയൻസ്, ഫോറസ്ട്രി, ജിയോളജി, ഹോർട്ടിക്കൾച്ചർ, മാത്തമാറ്റിക്സ്, ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, വെറ്ററിനറി സയൻസ്, സുവോളജി.
**എഞ്ചിനീയറിംഗ്:** അഗ്രികൾച്ചറൽ/ കെമിക്കൽ/ സിവിൽ/ കമ്പ്യൂട്ടർ/ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ്/ മെക്കാനിക്കൽ.
[മേൽപ്പറഞ്ഞ വിഷയങ്ങളുടെ സ്റ്റാൻഡേർഡ് ബിരുദ തലത്തിന് തുല്യമായിരിക്കും.]

**കുറിപ്പ്:** ചുവടെ ചേർക്കുന്ന ഗ്രൂപ്പിൽപ്പെടുന്ന വിഷയങ്ങളിൽ, ഒന്നിൽ കൂടുതൽ വിഷയങ്ങൾ ഉദ്യോഗാർത്ഥികൾ തെരഞ്ഞെടുക്കുവാൻ പാടുള്ളതല്ല.

(i) അഗ്രികൾച്ചർ, അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് & വെറ്ററിനറി സയൻസ്.

(ii) കെമിസ്ട്രി & കെമിക്കൽ എഞ്ചിനീയറിംഗ്.

(iii) കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ കമ്പ്യൂട്ടർ സയൻസ് & കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്.

(iv) ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്.

(v) മാത്തമാറ്റിക്സ് & സ്റ്റാറ്റിസ്റ്റിക്സ്.

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾ പരീക്ഷയ്ക്ക് തെരഞ്ഞെടുക്കുന്ന ഐശ്ചിക വിഷയങ്ങൾ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്.

**11. ഇന്റർവ്യൂ:–**

വാക്കിംഗ് സെസ്റ്റിലും എഴുത്ത് പരീക്ഷയിലും യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾ കമ്മീഷൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഇന്റർവ്യൂന് ഹാജരാകേണ്ടതാണ്.

**12. ഹെൽത്ത് സർട്ടിഫിക്കറ്റ്:–**

ഉദ്യോഗാർത്ഥിയുടെ കേൾവി ശക്തി വനം വകുപ്പിൽ ആയാസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി, ഇവയെ സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് (ഒരു സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ അസ്സൽ) ഉദ്യോഗാർത്ഥി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കണം. ടി സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ശരീരത്തിലുള്ള രണ്ട് തിരിച്ചറിയൽ അടയാളവും, ഉദ്യോഗാർത്ഥിയുടെ ഉയരവും, നെഞ്ചളവും (സാധാരണയും, വികാസവും) കൂടി രേഖപ്പെടുത്തിയിരിക്കണം.

**കുറിപ്പ്:** **(a)** ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**(b)** തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ വനം വന്യജിവി വകുപ്പ് ഒരു മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ടി ബോർഡിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് വനം വകുപ്പിലെ ആയാസകരമായി പറഞ്ഞിട്ടുള്ള ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി ഉണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്ന പക്ഷം ആയത് ഭാരത സർക്കാരിന്റെ ഡെറാഡൂണിലെ ഫോറസ്റ്റ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നതാണ്.

**(c)** ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

**13.** കേരള വനം വന്യജീവി വകുപ്പിൽ 5 (അഞ്ച്) വർഷത്തെ സർവ്വീസുള്ള വൈൽഡ് ലൈഫ് അസിസ്റ്റന്റ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നീ തസ്തികകകളിൽ അഞ്ച് വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ ബന്ധപ്പെട്ട കാറ്റഗറികളിലെ അപ്രൂവ്ഡ് പ്രൊബേഷണർമാർ സർവ്വീസ് സർട്ടിഫിക്കറ്റ് ഇതോടൊപ്പം ചേർക്കുന്ന മാതൃകയിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

**കുറിപ്പ്:** റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (വനം വന്യജീവി വകുപ്പിൽ വൈൽഡ് ലൈഫ് അസിസ്റ്റന്റ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരിൽ നിന്നും തസ്തികമാറ്റം വഴി) തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സർവ്വീസ് സർട്ടിഫിക്കറ്റ്.

## SERVICE CERTIFICATE

1 Name of Candidate :

2 Post now holding :

3 Scale of Pay & Pay as on the date of application :

4 Office in which now working (with Circle) :

5 Date of commencement of Service & :
Date of commencement of Probation

6 Whether the applicant is a Probationer or Approved probationer or Full member of the service :

7 Details of service from date of entry in service to till date :

| Sl No | Name of post held & Department | Scale of Pay | Period | | Length of service | | | Date of Declaration of probation |
|---|---|---|---|---|---|---|---|---|
| | | | From | To | Years | Months | Days | |
| | | | | | | | | |
| Total Service | | | | | | | | |

Certified that the above details in respect of Sri/Smt........................................................................ who is a Probationer/ Approved

Probationer/ Full Member of the ................................................ (Name of service) have been verified by me with the Service Records of the candidate and are found correct. The candidate is eligible to apply for the post of Range Forest Officer under recruitment By-transfer from Forest Officers.

Signature
Name & Designation of the Head of Office

Place:
Date:

(Office Seal)

**14.** ഉദ്യോഗാർത്ഥികൾ സ്ക്രീനിംഗ് ടെസ്റ്റിറും, വാക്കിംഗ് സെസ്റ്റിനും, എഴുത്ത് പരീക്ഷയ്ക്കും, ഇന്റർവ്യൂനും സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്.

**15.** കമ്മീഷൻ നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ്, വാക്കിംഗ് ടെസ്റ്റ്, എഴുത്ത് പരീക്ഷ, ഇന്റർവ്യൂ എന്നിവയിൽ അർഹത നേടുന്ന ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും ടി ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകുന്നതുമാണ്. ഇപ്രകാരം കമ്മീഷൻ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഫോറസ്ട്രി എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലുള്ള വിവിധ സംസ്ഥാന ഫോറസ്റ്റ് സർവ്വീസ് കോളേജുകളിൽ ഏതെങ്കിലുമൊന്നിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സിന് ചേരാവുന്നതാണ്.

**16.** റെയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സ് പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികളെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഒരു വർഷത്തെ പ്രായോഗിക പരിശീലനത്തിന് നിയോഗിക്കുന്നതാണ്.

**17.** റെയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സിന്റെ സമയത്തും പ്രായോഗിക പരിശീലന സമയത്തും ഉദ്യോഗാർത്ഥികൾക്ക് അടിസ്ഥാന ശമ്പളവും മറ്റ് അർഹതപ്പെട്ട അലവൻസുകളും ലഭിക്കുന്നതാണ്.

**18.** കോഴ്സിന് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ യാത്രയുടെ ചെലവ് ഉൾപ്പെടെ പരിശീലനത്തിന്റെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നതാണ്. കോഷൻ മണിയും, മെസ് ഡെപ്പോസിറ്റും ഉദ്യോഗാർത്ഥികൾ കോളേജിൽ ചേരുമ്പോൾ കെട്ടിവയ്ക്കേണ്ടതാണ്.

**19.** ഫോറസ്റ്റ് കോളേജിലെ പരിശീലന കാലവും വനംവകുപ്പിലെ പ്രായോഗിക പരിശീലന കാലവും ലീവിനും പെൻഷനും കണക്കാക്കും.

**20.** റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ കോഴ്സ് വിജയകരമായി പൂർത്തീകരിക്കാത്ത ഉദ്യോഗാർത്ഥികളെ തസ്തികമാറ്റം മുഖേന നിയമനം ലഭിക്കുന്നതിന് മുമ്പ് അവർ ജോലി ചെയ്തിരുന്ന തസ്തികയിലേയ്ക്ക് തരം താഴ്ത്തുന്നതായിരിക്കും.

**21.** അന്തിമമായി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ അഞ്ഞൂറ് രൂപയുടെ (Rs.500/-) മുദ്രപത്രത്തിൽ കോഴ്സ് കഴിഞ്ഞാൽ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം കുറഞ്ഞത് അഞ്ച് വർഷത്തേയ്ക്ക് സർക്കാരിനെ സേവിച്ചുകൊള്ളാമെന്നുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ ഗസറ്റഡ് റാങ്കിലുള്ള രണ്ട് സ്ഥിരം സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നോ അല്ലെങ്കിൽ 300000/- രൂപയിൽ കുറയാത്ത ആസ്തിയുള്ളവരിൽ നിന്നോ രണ്ട് ഷ്യവർട്ടി ഹാജരാക്കേണ്ടിവരും. പരീക്ഷയിൽ തോൽക്കുന്നതുമൂലമോ മറ്റ് വിധത്തിലോ സർക്കാരിന് നഷ്ടമുണ്ടായാൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ പഠനത്തിനുവേണ്ടി സർക്കാർ ചെലവാക്കിയ തുക 6% വാർഷിക പലിശയോടെ തിരിച്ചടയ്ക്കേണ്ടതാണ്.

**22.** റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കപ്പെടുന്നവരുടെ പ്രൊബേഷൻകാലം, ഫോറസ്റ്റ് കോളേജിൽ പരിശീലനം വിജയകരാമയി പൂർത്തിയാക്കി സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ, തുടർച്ചയായ മൂന്ന് വർഷത്തിനകം രണ്ട് വർഷത്തെ ഡ്യൂട്ടിയായിരിക്കും.

**23.** കേന്ദ്ര സർക്കാരിന്റെ എൻട്രൻസ് ആന്റ് ട്രെയിനിംഗ് റൂൾസ് (റിവൈസ്ഡ്) 2004, ഉദ്യോഗാർത്ഥി നല്കേണ്ട കരാറുകളുടേയും ബോണ്ടുകളുടേയും കരടുകൾ എന്നിവ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരത്തുള്ള ഭരണ വിഭാഗം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ വായിച്ചു നോക്കാൻ ലഭിക്കുന്നതാണ്.

**24. അപേക്ഷ അയയ്ക്കേണ്ട രീതി:**

**(A)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ

അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2012-ന് ശേഷം എടുത്തതായിരിക്കണം. എന്നാൽ പുതതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(B) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാകലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(C) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

(D) **വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.**

25. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **18.01.2023** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.

26. അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ്: www.keralapsc.gov.in

**ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.**

|സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ